Vol-2 ,Issue-8
26-02 - 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാന വാർത്തകൾ**

01. ദളിത് സംവരണ ബില്ല് ഉടൻ വേണം: സി.ബി.സി.ഐ
02. സഭയുടെ ജനക്ഷേമ പ്രവർത്തനങ്ങൾ മഹത്തരം: ജാർഖണ്ഡ് മുഖ്യമന്ത്രി
03. ദളിത് ക്രിസ്ത്യാനികൾക്ക് സംവരണം: കേന്ദ്രത്തിന്റേത് വൈകിപ്പിക്കൽ തന്ത്രം
04. ജബൽപൂരിൽ ക്രൈസ്തവാശ്രമത്തിനു നേരെ ആക്രമണം, വൈദികനു പരിക്ക്
05. പരിഷ്കാരങ്ങൾ ചർച്ചയ്ക്ക് ശേഷം നടപ്പാക്കണം: കാത്തലിക് കോളജ് മാനേജ്മെന്റ്
06. ആത്മീയ വളർച്ചയ്ക്ക് വിഘാതമായ ഘടകങ്ങൾക്കെതിരെ പോരാടണം: ബിഷപ് ഗ്ലാഡ്സ്റ്റൺ
07. മാർ വിതയത്തിൽ സി.ബി.സി.ഐ പ്രസിഡന്റ്

**01. ദളിത് ക്രൈസ്തവ സംവരണ ബില്ല് ഉടൻ വേണം: സി.ബി.സി.ഐ** (ദീപിക 20-02-2008)

ദളിത് ക്രൈസ്തവ സംവരണ ബിൽ പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിൽ അവതരിപ്പിക്കണമെന്ന് സി.ബി.സി.ഐ ആവശ്യപ്പെട്ടു. പട്ടിക ജാതി വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ദളിത് ക്രൈസ്തവർക്കു കൂടി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രി മൻമോഹൻ സിംഗിന് നിവേദനം നൽകാൻ ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി തീരുമാനിച്ചു. ജംഷഡ്പൂരിലെ സേവ്യർ ലേബർ റിലേഷൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന സി.ബി.സി.ഐയുടെ 28-ാമത് പൊതുയോഗത്തിലാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തതെന്ന് സി.ബി.സി.ഐ വക്താവ് ഫാ. ബാബു ജോസഫ് അറിയിച്ചു. ദളിത് ക്രൈസ്തവ സംവരണം നടപ്പാക്കുന്നതിൽ സർക്കാർ അനാവശ്യ കാലതാമസം വരുത്തുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തി. സി.ബി.സി.ഐയുടെ വിദ്യാഭ്യാസം, സാംസ്കാരികം കമ്മീഷന്റെയും സാമുഹ്യ-വിനിമയ കമ്മീഷന്റെയും റിപ്പോർട്ടുകൾ മെത്രാൻ സമിതിയുടെ പൊതുയോഗത്തിൽ അവതരിപ്പിച്ചു.

സി.ബി.സി.ഐ പുറത്തിറക്കിയ വിദ്യാഭ്യാസ നയം, സാമൂഹ്യ വിനിയമത്തിലുള്ള ഇടയന്മാരുടെ പദ്ധതി എന്നിവയടക്കം സഭയുടെ നയപരിപാടികൾ നടപ്പാക്കുന്നതിലെ പുരോഗതി യോഗം വിലയിരുത്തി. കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സഭാ വിശ്വാസികളുടെയും പാവപ്പെട്ടവരുടെയും മക്കൾക്ക് പ്രവേശനം നൽകുന്നതിൽ പുരോഗതി ഉണ്ടായതായി ദേശീയതലത്തിൽ നടത്തിയ സർവേയിൽ കണ്ടെത്തിയതായി വക്താവ് അറിയിച്ചു. കത്തോലിക്കാ വാർത്താവിനിമയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലുള്ള പങ്കാളിത്വത്തിലും നില മെച്ചപ്പെട്ടു. സഭയെക്കുറിച്ചും സഭാ പരിപാടികളെക്കുറിച്ചുമുള്ള വാർത്തകൾ എത്തിക്കുന്നതിലും പുരോഗതിയുണ്ടെന്ന് ഫാ. ബാബു ജോസഫ് അറിയിച്ചു.

**02. സഭയുടെ ജനക്ഷേമ പ്രവർത്തനങ്ങൾ മഹത്തരം: ജാർഖണ്ഡ് മുഖ്യമന്ത്രി** (ദീപിക 19-02-2008)

കത്തോലിക്കാ സഭയുടെ ജനക്ഷേമ പ്രവർത്തനങ്ങൾ മഹത്തരമാണെന്നു ജാർഖണ്ഡ് മുഖ്യമന്ത്രി മധു കുഡെ. കുന്നുകളും മലകളും കാടുകളും താണ്ടി ആദിവാസി കുടിലുകളിൽ വിദ്യാഭ്യാസത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും വെളിച്ചമെത്തിക്കുന്ന മിഷണറിമാരുടെ പ്രവർത്തനം പ്രശംസാർഹമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സി.ബി.സി.ഐ സമ്മേളനത്തിനെത്തിയ ഇന്ത്യയിലെ 155 ബിഷപ്പുമാർക്കു ജംഷഡ്പൂർ രൂപതയുടെ ആഭിമുഖ്യത്തിൽ നൽകിയ പൗരസ്വീകരണത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മധു കുഡെ.

സി.ബി.സി.ഐയുടെ 20-ാം പൊതു സമ്മേളനത്തിനു ജംഷഡ്പൂരിലെ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ റിലേഷൻസിൽ കഴിഞ്ഞ ബുധനാഴ്ചയെത്തിയ ബിഷപ്പുമാർക്ക് ലയോള സ്കൂൾ ഗ്രൗണ്ടിൽ ഞായറാഴ്ചയാണ് പൗരസ്വീകരണം നൽകിയത്.എല്ലാ വിഭാഗത്തിന്റെയും ഉന്നമനം ലക്ഷ്യമിട്ട സഭയുടെയും നേതാക്കളുടെയും പ്രവർത്തനത്തിൽ അഭിമാനിക്കുന്നുവെന്നു മുഖ്യമന്ത്രി പറഞ്ഞു. സഭയുടെ പ്രവർത്തനങ്ങൾ തടസപ്പെടുത്താൻ സർക്കാർ ആരെയും അനുവദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. അമ്മ കുഞ്ഞിനെ പരിപാലിക്കുന്നതുപോലെയാണ് വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണത്തിന്റെ മാർഗങ്ങളും ക്രൈസ്തവമിഷണറിമാർ ആദിവാസികൾക്ക് പകർന്നുനൽകുന്നതെന്ന് ചടങ്ങിൽ സംബന്ധച്ച ഉപമുഖ്യ മന്ത്രി സുധീർ മഹന്തോ പറഞ്ഞു.

വേർതിരിവില്ലാതെയാണ് പാവങ്ങൾക്കുവേണ്ടി സഭ ശുശ്രൂഷകൾ ചെയ്യുന്നത്. സ്നേഹമാണ് അവർ പ്രചരിപ്പിക്കുന്നത്. വിദ്വേഷത്തിനോ കലാപത്തിനോ ഇത് ഒരിക്കലും കാരണമാകുന്നില്ല- മഹന്തോ കൂട്ടിച്ചേർത്തു. നേരത്തെ, സി.ബി.സി.ഐ പ്രസിഡന്റ് കർദ്ദിനാൾ ടെലസ്ഫോർ ടോപ്പോയുടെ മുഖ്യ കാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ സി.സി.ബി.ഐ പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മലങ്കര സഭാ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ എന്നിവരടക്കമുള്ള മുഴുവൻ ബിഷപ്പുമാരും സഹകാർമികത്വം വഹിച്ചു. നിരവധി വിശ്വാസികൾ സമൂഹബലിയിൽ പങ്കെടുക്കാനെത്തി.

പൗരസ്വീകരണത്തിനെത്തിയ ബിഷപ്പുമാർക്ക് ജംഷഡ് പൂർ ബിഷപ് ഡോ. ഫെലിക്സ് ടോപ്പോ സ്വാഗതവും അലഹബാദ് ബിഷപ് ഡോ. ഇസിദോർ ഫെർണാണ്ടസ് നന്ദിയും പറഞ്ഞു. പരമ്പരാഗത വേഷം ധരിച്ചെത്തിയ കുട്ടികളാണ് ബിഷപ്പുമാരെ ലയോള സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിലേക്ക് ആനയിച്ചത്. സമ്മേളനത്തോടനുബന്ധിച്ച് സീറോമലബാർ ക്രമത്തിൽ നടന്ന ദിവ്യബലിയിൽ മുഖ്യ കാർമികത്വം വഹിച്ച മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ വിശ്വാസത്തിന്റെ വിനിമയമാണ് പ്രഥമവും പ്രധാനവുമായ ദൗത്യമെന്ന് അനുസ്മരിച്ചു. സ്ത്രീ ശാക്തീകരണം സഭയിലും സമൂഹത്തിലും എന്നതാണ് സമ്മേളനത്തിന്റെ മുഖ്യ ചിന്താവിഷയം. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ് ഡോ. പെദ്രോ ലോപ്പസ് ക്വിന്താനയാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.

**03. ദളിത് ക്രിസ്ത്യാനികൾക്ക് സംവരണം: കേന്ദ്രത്തിന്റേത് വൈകിപ്പിക്കൽ തന്ത്രം.**

(ദേശാഭിമാനി 18-02-2008)

ദേശീയ പട്ടികജാതി കമ്മീഷൻ ശുപാർശ ചെയ്തിട്ടും ദളിത് ക്രിസ്ത്യാനികളെ പട്ടികജാതിക്കാരായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകാൻ കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല. 58 വർഷമായുള്ള ആവശ്യം അംഗീകരിക്കാൻ ഇനിയും എട്ടാഴ്ച വേണമെന്ന് സുപ്രീംകോടതിയോട് ആവശ്യപ്പെട്ടിരിക്കയാണ്. ദളിത് വിഭാഗങ്ങളിൽനിന്ന് ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തവർക്ക് പട്ടികജാതിക്കാർക്കുള്ള ഭരണഘടനാനുകൂല്യങ്ങൾ നിഷേധിക്കരുതെന്നാവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപ്പര്യഹർജിയിലാണ് ഇക്കാര്യം പഠിക്കാൻ കൂടുതൽ സമയം കേന്ദ്രം ആവശ്യപ്പെട്ടത്. ദളിത് ക്രിസ്ത്യാനികൾക്ക് പട്ടികജാതി പദവിയും ഭരണഘടാപരമായ അവകാശങ്ങളും നിഷേധിക്കുന്നത് നീതി നിഷേധമാണെന്ന് ഡൽഹി കാത്തലിക് അതിരൂപതാ വക്താവ് ഡോ. ഡൊമിനിക് ഇമ്മാനുവേൽ പറഞ്ഞു. ഇന്ത്യയിലെ ക്രിസ്ത്യൻ ജനസംഖ്യയിലെ പകുതിയിലധികം വരുന്ന ഈ വിഭാഗം അപ്പോഴും സാമൂഹ്യമായ പിന്നോക്കാവസ്ഥയിലാണ്. ക്രിസ്ത്യൻ മതത്തെ സ്വീകരിച്ചെന്ന ഒറ്റക്കാരണത്താൽ ഈ വിഭാഗത്തിന്റെ ജീവിതത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. അതിനാൽ, പട്ടികജാതിക്കാരായിരുന്നപ്പോൾ ലഭിച്ച എല്ലാ ആനുകൂല്യവും അവർ ക്രിസ്തുമതത്തിൽ ചേർന്നാലും ലഭിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ദേശീയ പട്ടികജാതി കമ്മീഷൻ കഴിഞ്ഞ വർഷം അവസാനം തന്നെ ദളിത് ക്രിസ്ത്യാനികൾക്ക് സംവരണം നൽകണമെന്ന നിലപാട് അറിയിച്ചിരുന്നു. ദളിത് വിഭാഗങ്ങൾക്ക് നിലവിൽ നൽകുന്ന സംവരണത്തിൽ ഇതുകൂടി ഉൾപ്പെടുത്തണമെന്നാണ് കമ്മീഷന്റെ നിർദ്ദേശം. ഈ റിപ്പേർട്ട് കേന്ദ്രസർക്കാരിന്റെ കൈയിലുണ്ടുതാനും. എന്നിട്ടും റിപ്പോർട്ട് പഠിക്കാൻ കൂടുതൽ സമയം വേണമെന്നാണ് അഡീഷണൽ സോളിസിറ്റർ ജനറൽ ഗോപാൽ സുബ്രഹ്മണ്യം കോടതിയോട്

ആവശ്യപ്പെട്ടത്. ചീഫ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണനടങ്ങുന്ന മൂന്നംഗ ബെഞ്ച് ഈ ആവശ്യം അംഗീകരിച്ച് എട്ടാഴ്ച സമയം അനുവദിക്കുകയായിരുന്നു. ഇനി മാർച്ച് 26നാണ് കോടതി കേസ് പരിഗണിക്കുക. ഹിന്ദു മതത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിയിതുന്ന ആനുകൂല്യങ്ങൾ അവർ മതം മാറിയാലും നൽകണമെന്ന് 1956, 1990 വർഷങ്ങളിൽ നടത്തിയ ഭരണഘടനാ ഭേദഗതികളിലൂടെ വ്യവസ്ഥ ചെയ്തിരുന്നു. ഇത് ബുദ്ധ, സിഖ് മതങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്ന പട്ടികജാതിക്കാർക്കുമാത്രമാണ് ബാധകമാക്കിയത്. പട്ടികവർഗ വിഭാഗങ്ങളിൽനിന്ന് ക്രിസ്ത്യൻ മതത്തിലേക്കു പരിവർത്തനം ചെയ്യുന്നവർക്ക് ഇപ്പോൾ സംവരണവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്.

പട്ടികജാതിയിൽനിന്ന് മറ്റു മതങ്ങളിലേക്ക് മാറുന്നവരെയും പട്ടികജാതിക്കാരായി അംഗീകരിക്കണമെന്നാണ് 2007 മെയിൽ രംഗനാഥമിശ്ര കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ. ഇത് നടപ്പാക്കിയാൽ ദളിത് ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്ക് സംവരണമടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കും. എന്നാൽ, റിപ്പോർട്ട് പാർലമെന്റിൽ ചർച്ച ചെയ്യാൻ പോലും കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല.

**04. ജബൽപൂരിൽ ക്രൈസ്തവാശ്രമത്തിനു നേരെ ആക്രമണം, വൈദികനു പരിക്ക്.**

(ദീപിക 16-02-2008)

മധ്യപ്രദേശിൽ ജബൽപൂരിനടുത്തു നരസിംഹ്പൂരിലെ സി.എം.ഐ സഭയുടെ കീഴിലുള്ള സച്ചിദാനന്ദ ആശ്രമം ആക്രമിച്ച് ഫാ. ആന്റോ മുണ്ടൻമാണി സി.എം.ഐയെയും മൂന്നു ജോലിക്കാരെയും ക്രൂരമായി മർദ്ദിച്ചു. വാലന്റൈൻസ് ദിനാഘോഷത്തിനു പിന്നിൽ ക്രൈസ്തവരാണെന്ന് ആരോപിച്ചായിരുന്നു ഹിന്ദു സംഘടനകളുടെ പേരിൽ ഗുണ്ടകളുടെ ആക്രമണം. പരിക്കേറ്റ ഫാ. ആന്റോയും രണ്ടു ഹിന്ദുക്കളടക്കമുള്ള ജോലിക്കാരും നരസിംഹ്പൂർ ആശുപത്രിയിൽ ചികിത്സയിലാണ്. ക്രൂരമർദ്ദനത്തെ തുടർന്ന് ഒരു ജോലിക്കാരനു കേൾവി നഷ്ടമായിട്ടുണ്ട്. ആശ്രമത്തിന് കാവൽനിന്ന ഒരു പോലീസുകാരൻ നോക്കിനിൽക്കെയായിരുന്നു വ്യാഴാഴ്ച ഉച്ചയ്ക്കു 12-നു അമ്പതംഗ സംഘത്തിന്റെ തേർവാഴ്ച. ഫാ. ജോൺസൺ സംഭവസമയം പുറത്തു പോയിരിക്കുകയായിരുന്നു.

സാമൂഹിക സേവനത്തോടൊപ്പം മതസൗഹാർദ്ദപ്രവർത്തനങ്ങളും നടത്തി വന്നിരുന്ന ആശ്രമത്തിലേക്ക് വാതിൽ ചവിട്ടിത്തുറന്ന് ബലമായി ഇരച്ചുകയറിയ അക്രമികൾ ആശ്രമത്തിലുണ്ടായിരുന്നവരെയെല്ലാം ക്രൂരമായി മർദ്ദിക്കുകയായിരുന്നുവെന്ന് ഫാ. വർഗീസ് മാണിക്കത്താൻ സി.എം.ഐ പറഞ്ഞു. സ്ഥലത്ത് അറിയപ്പെടുന്ന വനീത് നേമയുടെ നേതൃത്വത്തിൽ വി.എച്ച്.പി, ബജ്രംഗ്ദൾ, ധർമസേന പ്രവർത്തകരായ അമ്പതോളം പേരാണ് തേർവാഴ്ച നടത്തിയതെന്ന് സ്ഥലവാസികൾ അറിയിച്ചു. കഴിഞ്ഞ മൂന്നു വർഷവും വാലന്റൈൻസ് ദിനത്തിൽ ആശ്രമത്തിനു നേരെ ഭീഷണി ഉയർത്തിയിരുന്നു.

ഇതേത്തുടർന്ന് ആശ്രമാധികൃതർ പോലീസ് സംരക്ഷണം തേടിയെങ്കിലും പേരിന് ഒരു പോലീസുകാരനെയാണു കാവലിനയച്ചത്. ഇത് അക്രമികളെ തടയാൻ മതിയാകുമായിരുന്നില്ല. പരാതിയെത്തുടർന്ന് ജില്ലാ തലസ്ഥാനമായ നരസിംഹ്പൂരിലെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള സംഘം സംഭവസ്ഥലം സന്ദർശിച്ചു. എങ്കിലും പ്രതികളെ ആരെയും ഇന്നലെ രാത്രിവരെ അറസ്റ്റു ചെയ്തിട്ടില്ല. ആശ്രമത്തിന് മതിയായ പോലീസ് സംരക്ഷണവും ഏർപ്പാടാക്കിയിട്ടില്ല. സംഭവത്തിൽ പ്രതിഷേധിച്ച് നരസിംഹ്പൂർ ജില്ലയിലെ കത്തോലിക്കാസ്കൂളുകൾ അടച്ചിട്ട് സച്ചിദാനന്ദാശ്രമത്തിൽ മതസൗഹാർദ്ദ പ്രാർത്ഥനയും നടത്തി.

**05.പരിഷ്കാരങ്ങൾ ചർച്ചയ്ക്ക് ശേഷം നടപ്പാക്കണം: കാത്തലിക് കോളേജ് മാനേജ്മെന്റ്**

(മാധ്യമം 17-02-2008)

വിദ്യാഭ്യാസത്തിന്റെ അടിത്തറ ഈശ്വരവിശ്വാസത്തിൽ അധിഷ്ടിതമായ സാന്മാർഗ്ഗീകമായ മൂല്യങ്ങളാണെന്നും ഈ ലക്ഷ്യം നേടാനുള്ള സേവനങ്ങളാണ് ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതെന്നും കാലിക്കറ്റ് സർവകലാശാലയുടെ കീഴിലെ കാത്തലിക് കോളേജ് മാനേജർമാരുടെയും പ്രിൻസിപ്പൽമാരുടെയും യോഗം പ്രഖ്യാപിച്ചു. ഇത് നിഷേധിക്കുന്ന നയങ്ങളും നടപടികളും നേരിടും. സംസ്ഥാന ഹയർ എജ്യുക്കേഷൻ കൗൺസിലും കെ.ഇ.ആർ

പരിഷ്കരണസമിതിയും ആവിഷ്കരിക്കുന്ന പുതിയ പരിഷ്കാരങ്ങൾ മാനേജ്മെന്റുകളും പ്രിൻസിപ്പൽമാരുമായി ചർച്ചചെയ്ത ശേഷം മാത്രമേ നടപ്പാക്കാവൂവെന്നും യോഗം ആവശ്യപ്പെട്ടു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹയർ എജ്യൂക്കേഷനൽ കൗൺസിലിന്റെയും യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയറിന്റെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസിന്റെയും സംയുക്ത യോഗം തൃശൂർ സെന്റ് തോമസ് കോളജിൽ മോൺ. റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു.

**06. ആത്മീയ വളർച്ചയ്ക്ക് വിഘാതമായ ഘടകങ്ങൾക്കെതിരെ പോരാടണം: ബിഷപ് ഗ്ലാഡ്സൺ**

(ദീപിക 14-02-2008)

തിന്മയുടെമേലുള്ള വിമോചനം ദൈവദർശനത്തിലൂടെ സാധ്യമാകണമെന്ന് സി.എസ്.ഐ മോഡറേറ്റർ ബിഷപ് ജെ.ഡബ്ല്യൂ ഗ്ലാഡ്സൺ. മാരാമൺ കൺവെൻഷനിൽ ഇന്നലെ രാവിലെ നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആത്മീയവളർച്ചയിൽ വിഘാതമായ ഘടകങ്ങൾക്കെതിരെ നിലകൊള്ളണം. ദൈവത്തിന്റെ സൃഷ്ടിയായ പ്രപഞ്ചത്തിനു മുഴുവൻ ദൈവകൃപയ്ക്ക് അർഹതയുണ്ട്. ഇതിനു വിഘാതമാകാൻ മനുഷ്യന് അവകാശമില്ല. കൃപലഭിപ്പാനുള്ള ഉപകരണമായി മനുഷ്യൻ മാറണം. അന്ധകാരത്തിന്റെ ശക്തികൾക്കെതിരെ ത്യാഗത്തോടെ പ്രവർത്തിക്കുകയെന്നതാണ് കൃപയുടെ ദാനം. മനുഷ്യജീവിതങ്ങളിലേക്ക് ഇറങ്ങുകയും അതിലൂടെ പ്രാപിക്കുന്ന രൂപാന്തരം കുടുംബങ്ങളിലേക്കും പകരുകയെന്നതുമാണ് എക്യുമെനിക്കൽ ദർശനമെന്നും ബിഷപ് ഗ്ലാഡ്സൺ പറഞ്ഞു.

സൃഷ്ടിയുടെ നന്മയ്ക്കും വിമോചനത്തിനും വേണ്ടിയുള്ള പ്രവർത്തനമാകണം ഇത്. പ്രതിഷ്ഠിക്കപ്പെട്ട സ്ഥലങ്ങളിൽ നടത്തുന്ന ആരാധന മാത്രമേ പൂർണമാവുകയുള്ളൂവെന്നും ബിഷപ് ചൂണ്ടിക്കാട്ടി. ആത്മാവിലും സത്യത്തിലും ദൈവജനം ഒന്നായിക്കൊണ്ടുള്ള ആരാധനയാണ് ശ്രേഷ്ഠമായിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. വികലമായ സമൂഹത്തെ അനുരഞ്ജനത്തിന്റെ പാതയിലേക്ക് കൊണ്ടുവരാനും അതിലൂടെ ലോകത്തിൽ രൂപാന്തരം നൽകാനുമാണ് ശ്രമിക്കേണ്ടതെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത പറഞ്ഞു. അനുരഞ്ജനത്തിനുള്ള വേദികളാണ് ഒരുക്കപ്പെടേണ്ടത്. ആരോപണപ്രത്യാരോപണങ്ങളോ അനുരഞ്ജനത്തിന് സഹായകമാകില്ലെന്നും മെത്രാപ്പോലിത്ത പറഞ്ഞു. ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ കഴിയുന്ന ദർശനങ്ങളാണ് വളർന്നുവരേണ്ടത്. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുടെ ഇടയിൽ പുതിയ ദൗത്യവുമായി ഇറങ്ങേണ്ടതുമുണ്ടന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

**07. മാർ വിതയത്തിൽ സി.ബി.സി.ഐ പ്രസിഡന്റ്** (മലയാള മനോരമ 20-02-2008)

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ) പ്രസിഡന്റായി സീറോ മലബാർ സഭാധ്യക്ഷൻ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. ലത്തീൻ കത്തോലിക്കാ പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ മാർ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കാ ബാവാ എന്നിവരാണ് ഒന്നും രണ്ടും വൈസ് പ്രസിഡന്റുമാർ. ജാംഷഡ്പൂരിൽ 28-ാം ദ്വൈവാർഷിക യോഗത്തിലായിരുന്നു തിരഞ്ഞെടുപ്പ്. രണ്ടുവർഷമാണ് കാലാവധി. കഴിഞ്ഞ രണ്ടുതവണയായി കർദ്ദിനാൾ ടെലസ്ഫോർ പി. ടോപ്പോ ആയിരുന്നു സി.ബി.സി.ഐ പ്രസിഡന്റ്. നിലവിൽ സെക്രട്ടറി ജനറലായ ഗാന്ധിനഗർ ആർച്ച് ബിഷപ് സ്റ്റാനിസ്ലാവൂസ് ഫെർണാണ്ടസ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യയിലെ കത്തോലിക്കാ സമൂഹത്തിനു സീറോ മലബാർ, മലങ്കര, ലത്തീൻ എന്നിങ്ങനെ മൂന്നു റീത്തുകളാണുള്ളത്. ഇവയുടെ പ്രതിനിധികൾ മാറിമാറി സി.ബി.സി.ഐ അധ്യക്ഷപദം സ്വീകരിക്കുക എന്നതാണ് രീതി. എങ്കിലും അധ്യക്ഷനെ തിരഞ്ഞെടുക്കുന്നത് വോട്ടെടുപ്പിലൂടെയാണ്. 163 ബിഷപ്പുമാർക്ക് വോട്ടവകാശമുള്ള തിരഞ്ഞെടുപ്പിൽ കർദ്ദിനാൾ മാർ വിതയത്തിലിനു 129 വോട്ട് ലഭിച്ചു. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പും എറണാകുളം- അങ്കമാലി അതിരൂപതാധ്യക്ഷനുമായി 1999 ഡിസംബർ 23നു നിയമിതനായ മാർ വിതയത്തിൽ 2001 ഫെബ്രുവരി 21നു കർദ്ദിനാളായി ഉയർത്തപ്പെട്ടു. മാർ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കാ ബാവാ നിലവിൽ രണ്ടാം വൈസ് പ്രസിഡന്റാണ്. കാരിത്താസ് ഇന്ത്യ ചെയർമാനായി കോട്ടാർ ബിഷപ് പീറ്റർ റെമിജിയസ് തുടരും.